## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 564** **11-06-2024 - ൽ മറുപടിയ്ക്ക്**

## ഉടുമ്പൻചോല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് മുഖേന അനുവദിച്ച റോഡ് വികസന പ്രവൃത്തികളും നിലവിൽ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | ഉടുമ്പൻചോല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:<br><br>1. ഉടുമ്പൻചോല ചിത്തിരപുരം റോഡ്<br><br>35 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഉടുമ്പൻചോല ചിത്തിരപുരം റോഡിന് കിഫ്ബിയിൽ നിന്നും 145 .67 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നടപ്പിലാക്കി വരുന്ന ടി പ്രവൃത്തി നിലവിൽ 99% പുരോഗതി കൈവരിച്ചിട്ടുണ്ട്.<br><br>2. രാമക്കൽമേട് കമ്പംമേട് വണ്ണപ്പുറം റോഡ് - റീച്ച് – 1 (28.1 km)<br><br>30 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച രാമക്കൽമേട് കമ്പംമേട് വണ്ണപ്പുറം റോഡിന് കിഫ്ബിയിൽ നിന്നും 73.20 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നടപ്പിലാക്കി വരുന്ന ടി പ്രവൃത്തി നിലവിൽ 70% പുരോഗതി കൈവരിച്ചിട്ടുണ്ട്.<br><br>3. മലയോര ഹൈവേ - ഏല്ലക്കൽ വലിയമുല്ലക്കാനം റോഡ്<br><br>മലയോര ഹൈവേയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ഏല്ലക്കൽ വലിയമുല്ലക്കാനം റോഡിന് കിഫ്ബിയിൽ നിന്നും 20.03.2022 ൽ 39.79 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നടപ്പിലാക്കി വരുന്ന ടി പ്രവൃത്തി നിലവിൽ 17% പുരോഗതി കൈവരിച്ചിട്ടുണ്ട്.<br><br>4. നത്തുകല്ല് അടിമാലി റോഡ് |

| | | | |
|---|---|---|---|
| | | | 50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച നത്തുകല്ല് അടിമാലി റോഡിന്റെ സ്ഥലമേറ്റെടുപ്പിനായി കിഫ്ബിയിൽ നിന്നും 5.11 കോടി രൂപയുടെ സാമ്പത്തികാനുമതി ആദ്യഘട്ടത്തിൽ നൽകിയിരുന്നു. തുടർന്ന് ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ സർവ്വേ നമ്പറുകൾ ശേഖരിക്കുകയും ആയത് പ്രകാരം 05/01/2024ൽ റവന്യൂ (B) വകുപ്പിൽ നിന്നും ഓർഡർ ലഭിക്കുകയും സ്ഥലമേറ്റെടുപ്പിനായി അർത്ഥനാ പത്രം ബഹു. ഇടുക്കി ജില്ലാ കളക്ടർക്ക് നൽകുകയും LAO ആയി സ്പെഷ്യൽ തഹസിൽദാർ LA-NH കഞ്ഞിക്കുഴിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ, 6 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതിനായുള്ള നടപടികൾ ടി കാര്യാലയത്തിൽ നിന്നും സ്വീകരിച്ചു വരികയാണ്. ഭൂമി പൂർണമായും കൈമാറി നൽകുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയുമെന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. |
| (ബി) | നത്തുകല്ല് - അടിമാലി റോഡ്, തൂക്കുപാലം - പ്രകാശ്ഗ്രാം - കട്ടപ്പന റോഡ് എന്നിവയുടെ പ്രവർത്തനം ആരംഭിക്കാൻ താമസിക്കുന്നതിന്റെ സാഹചര്യം വിശദമാക്കാമോ; | (ബി) | 1. നത്തുകല്ല് അടിമാലി റോഡ്<br><br>50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച നത്തുകല്ല് അടിമാലി റോഡിന്റെ സ്ഥലമേറ്റെടുപ്പിനായി കിഫ്ബിയിൽ നിന്നും 5.11 കോടി രൂപയുടെ സാമ്പത്തികാനുമതി ആദ്യഘട്ടത്തിൽ നൽകിയിരുന്നു. തുടർന്ന് ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ സർവ്വേ നമ്പറുകൾ ശേഖരിക്കുകയും ആയത് പ്രകാരം 05/01/2024ൽ റവന്യൂ (B) വകുപ്പിൽ നിന്നും ഓർഡർ ലഭിക്കുകയും സ്ഥലമേറ്റെടുപ്പിനായി അർത്ഥനാ പത്രം ബഹു. ഇടുക്കി ജില്ലാ കളക്ടർക്ക് നൽകുകയും LAO ആയി സ്പെഷ്യൽ തഹസിൽദാർ LA-NH കഞ്ഞിക്കുഴിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ, 6 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതിനായുള്ള നടപടികൾ ടി കാര്യാലയത്തിൽ നിന്നും സ്വീകരിച്ചു വരികയാണ്. ഭൂമി പൂർണമായും കൈമാറി നൽകുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയുമെന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്.<br><br>2. തൂക്കുപാലം - കട്ടപ്പന റോഡ്<br><br>2017 -18 ബഡ്ജറ്റിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ഉടുമ്പൻചോല / ഇടുക്കി നിയോജകമണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന തൂക്കുപാലം - കട്ടപ്പന റോഡ് പ്രവൃത്തിക്ക് 10/07/2017 തീയതിയിലെ GO.(Rt)942/2017/PWD നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവിൽ 180 റോഡുകളുടെ |

| | | | |
|---|---|---|---|
| | | | അഭിവൃദ്ധിക്ക് 5583 കോടി രൂപ അനുവദിച്ചതിൽ, ക്രമനമ്പർ 153 ആയി തുക്കുപാലം കട്ടപ്പന റോഡിന് 50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ടി പദ്ധതിയ്ക്ക് കിഫ്ബി മാനദണ്ഡ പ്രകാരം വിശദമായ പഠനം നടത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 187 കോടി രൂപ വന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി തുക്കുപാലം-അച്ചക്കട- കടശ്ശിക്കടവ് -കട്ടപ്പന എന്ന് പുനർനാമകരണം ചെയ്ത് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി 06.03.2022 തീയതിയിൽ പൊതുമരാമത്ത് വകുപ്പിലേക്ക് സമർപ്പിക്കുകയും, സർക്കാർ തലത്തിൽ പുതുക്കിയ ഭരണാനുമതിക്കായുള്ള തുടർനടപടികൾ നടന്നു വരികയുമാണെന്ന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. |
| (സി) | ശാന്തിഗ്രാം - ഗാന്ധിജി ഇംഗ്ളീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിന് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച തുക എത്രയാണ്; കെട്ടിട നിർമ്മാണം ആരംഭിക്കാൻ താമസിക്കുന്നതിന്റെ സാഹചര്യം വിശദമാക്കാമോ? | (സി) | ശാന്തിഗ്രാം-ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി 01.03.2021 ലെ ഉത്തരവ് നം GED006-14/APR-1/2021/KIIFB പ്രകാരം 2.98 കോടി രൂപയുടെ സാമ്പത്തികാനുമതിയും 09.08.2023 ലെ ഉത്തരവ് നം. GED006-14/APR-2/2023/KIIFB പ്രകാരം 3.89 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബി നൽകിയിട്ടുണ്ട്.<br><br>പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കില കിഫ്ബിയുടെ പരിശോധനയ്ക്കായി സമർപ്പിച്ച ടി പദ്ധതിയുടെ സാങ്കേതികാനുമതി ഫയൽ ന്യൂനതകൾ പരിഹരിച്ച് പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. 30.04.2024 ന് പുനഃസമർപ്പിച്ച ടി ഫയൽ നിലവിൽ കിഫ്ബിയിൽ പരിശോധനയിലാണ്. ഇതിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് Project Execution Document (PED) സമർപ്പിച്ച്, ആവശ്യമായ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കേണ്ട ഉത്തരവാദിത്തം പദ്ധതി നിർവ്വഹണ ഏജൻസിയുടേതാണ്. |

സെക്ഷൻ ഓഫീസർ